പൊതുവിഷയം:

# വചന ശുശ്രൂഷയും
# ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയും

ദൂത് ഒന്ന്

## “പ്രാർഥനയിലും വചനശുശ്രൂഷയിലും ദൃഢചിത്തതയോടെ”

RK Hymns: ML160

തിരുവെഴുത്ത് വായന: പ്രവൃ. 6:4; യൂദാ 20; മർക്കൊ. 11:20-24; എഫെ. 3:17-19

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

യൂദാ. 1:20 എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്,

മർക്കൊ. 11:20 രാവിലെ അവർ അതിലെ കടന്നുപോകുമ്പോൾ, അത്തിവൃക്ഷം വേരുകൾ മുതൽ ഉണങ്ങിയിരിക്കുന്നത് അവർ കണ്ടു.

മർക്കൊ. 11:21 പത്രൊസ് ഓർത്ത് അവനോട്, റബ്ബീ, ഇതാ നീ ശപിച്ച അത്തിവൃക്ഷം ഉണങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.

മർക്കൊ. 11:22 യേശു അവർക്ക് ഉത്തരം നൽകി, ദൈവത്തിൽ വിശ്വാസം ഉള്ളവരാകുവിൻ.

മർക്കൊ. 11:23 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും.

മർക്കൊ. 11:24 ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പ്രാർഥിക്കുകയും ചോദിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുവിൻ, നിങ്ങൾക്ക് അവ ലഭിക്കും.

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

എഫെ. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

### I. “പ്രാർഥനയിൽ ദൃഢചിത്തതയോടെ”—പ്രവൃ. 6:4:

A. പ്രാർഥിക്കുകയെന്നാൽ നാം ഒന്നുമല്ലെന്നും നമുക്ക് ഒന്നും ചെയ്യുവാൻ കഴിയില്ലെന്നും നാം മനസ്സിലാക്കുന്നതാണ്; പ്രാർഥനയെന്നത് യഥാർഥമായി സ്വയത്തെ ത്യജിക്കുന്നതാണെന്ന് ഇത് വിവക്ഷിക്കുന്നു—മർക്കൊ. 8:34; 9:29.

മർക്കൊ. 8:34 പിന്നെ അവൻ പുരുഷാരത്തെ തന്റെ ശിഷ്യന്മാരോടുകൂടെ അവന്റെ അടുക്കൽ വിളിച്ച് അവരോട് പറഞ്ഞു, ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ.

| | |
|---|---|
| മർക്കൊ. 9:29 | അവൻ അവരോട്, പ്രാർഥനയാൽ അല്ലാതെ യാതൊരു വിധത്തിലും ഈ വകയ്ക്കു പുറത്തുവരുവാൻ കഴിയില്ല എന്നു പറഞ്ഞു. |

B. ഒരു പ്രാർഥനാമനുഷ്യൻ ദൈവത്തെയും ദൈവത്തിന്റെ ഹിതത്തെയും അന്വേഷിക്കുന്ന ഒരുവനായിരിക്കണം—മത്താ. 26:39; യോഹ. 4:34; 5:30; 6:38.

| | |
|---|---|
| മത്താ. 26:39 | പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു. |
| യോഹ. 4:34 | യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു. |
| യോഹ. 5:30 | എന്നിൽനിന്ന് എനിക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു, എന്റെ ന്യായവിധി ന്യായമുള്ളതാകുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്. |
| യോഹ. 6:38 | എന്തെന്നാൽ ഞാൻ എന്റെ ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ ചെയ്യുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത്. |

C. പ്രാർഥനയുടെ യഥാർഥ പ്രാധാന്യം നമ്മുടെ ആത്മാവിൽ ദൈവത്തെ ബന്ധപ്പെടുകയും ദൈവത്തെ ആഗിരണം ചെയ്യുകയും ചെയ്യുന്നതാണ്—യൂദാ 20; യോഹ. 14:13; 15:7:

| | |
|---|---|
| യൂദാ. 1:20 | എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്, |
| യോഹ. 14:13 | നിങ്ങൾ എന്റെ നാമത്തിൽ എന്തു ചോദിച്ചാലും, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്, അതു ഞാൻ ചെയ്യും. |
| യോഹ. 15:7 | നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും. |

1. ദിവ്യാത്മാവുമായുള്ള മനുഷ്യാത്മാവിന്റെ സമ്പർക്കമാണ് പ്രാർഥന, ആ സമയം നാം ദൈവത്തെ ഉള്ളിലേക്ക് ശ്വസിക്കുന്നു—യൂദാ 20; യോഹ. 4:24.

| | |
|---|---|
| യൂദാ. 1:20 | എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്, |
| യോഹ. 4:24 | ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം. |

2. നമ്മുടെ ആത്മാവിൽ ആത്മാവായ ദൈവവുമായി ഇഴുകിച്ചേരുന്ന പ്രാർഥനകളാണ് യഥാർഥ പ്രാർഥനകൾ—യൂദാ 20; എഫെ. 6:18; റോമ. 8:16; 1 കൊരി. 6:17:

| | |
|---|---|
| യൂദാ. 1:20 | എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |
| റോമ. 8:16 | നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. |
| 1 കൊരി. 6:17 | എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. |

a. പ്രാർഥന ഒരു കൂട്ടായ പ്രാർഥനയായിരിക്കണം, അതിൽ ദൈവം നമ്മുടെ ആത്മാവുമായി ഇഴുകിച്ചേർന്നിരിക്കുന്നു.

b. യഥാർഥ പ്രാർഥനകൾ—ദൈവവും മനുഷ്യനും ഉൾപ്പെടുന്ന പ്രാർഥനകൾ—ദൈവത്തിന്റെ ആത്മാവ് മനുഷ്യന്റെ ആത്മാവുമായി ഇഴുകിച്ചേരുന്നതിന്റെയും മനുഷ്യന്റെ ആത്മാവ് ദൈവത്തിന്റെ ആത്മാവുമായി ഇഴുകിച്ചേരുന്നതിന്റെയും ഫലമാണ്—യൂദാ 20; റോമ. 8:4, 26.

| | |
|---|---|
| യൂദാ. 1:20 | എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്, |
| റോമ. 8:4 | ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ. |
| റോമ. 8:26 | അത്രയുമല്ല, നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുവാൻ ആത്മാവും അപ്രകാരം തന്നെ പങ്കുചേരുന്നു, എന്തെന്നാൽ ഉചിതമാംവണ്ണം എന്തിനുവേണ്ടി പ്രാർഥിക്കേണം എന്ന് നാം അറിയുന്നില്ല, എന്നാൽ ആത്മാവുതാൻ ഉച്ചരിക്കുവാൻ കഴിയാത്ത ഞരക്കങ്ങളോടെ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. |

c. ഈ പ്രാർഥനയിൽ ദൈവവും മനുഷ്യനും ഒരുമിച്ച് ഇഴുകിച്ചേരുന്നു; ദൈവം പ്രാരംഭകനും പ്രേരകനുമാണ്; ദൈവം മനുഷ്യനിൽ പ്രാർഥിക്കുകയും, മനുഷ്യൻ ദൈവത്തിൽ പ്രാർഥിക്കുകയും ചെയ്യുന്നു—യാക്കോ. 5:17.

| | |
|---|---|
| യാക്കോ. 5:17 | ഏലീയാവ് നമ്മോടു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു, മഴ പെയ്യാതിരിക്കുവാൻ അവൻ ആത്മാർഥമായി പ്രാർഥിച്ചു; മൂന്നു വർഷവും ആറ് മാസവും ഭൂമിയിൽ മഴ പെയ്തില്ല. |

2. ദൈവത്താൽ പ്രാരംഭം കുറിച്ചതും ദൈവത്തെ സ്പർശിക്കുന്നതുമായ യഥാർഥ പ്രാർഥനകൾ നമുക്ക് ഉണ്ടായിരിക്കണമെങ്കിൽ, നാം പരിശുദ്ധാത്മാവിൽ പ്രാർഥിക്കണം; പരിശുദ്ധാത്മാവിൽ പ്രാർഥിക്കുക എന്നതിനർഥം രണ്ട് ആത്മാക്കളുടെ കൂട്ടായ്മയിൽ നാമും പരിശുദ്ധാത്മാവും ഒരുമിച്ച് പ്രാർഥിക്കുന്നു എന്നാണ്—യൂദാ 20; 2 കൊരി. 13:14; ഫിലി. 2:1.

| | |
|---|---|
| യൂദാ. 1:20 | എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്, |
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |
| ഫിലി. 2:1 | അതുകൊണ്ട് ക്രിസ്തുവിൽ വല്ല പ്രോത്സാഹനവും, സ്നേഹത്തിന്റെ വല്ല ആശ്വാസവും, ആത്മാവിന്റെ വല്ല കൂട്ടായ്മയും, വല്ല ആർദ്രതയും മനസ്സലിവുകളും ഉണ്ടെങ്കിൽ, |

3. ദൈവത്തെ ബന്ധപ്പെടുകയും, ദൈവത്തെ നിശ്വസിക്കുകയും, ദൈവത്തെ ആഗിരണം ചെയ്യുകയും, ദൈവത്താൽ നിറയുകയും ചെയ്യുന്ന പ്രാർഥനകളാണ് യഥാർഥ പ്രാർഥനകൾ; ഇത്തരം പ്രാർഥനകൾ മാത്രമേ ദൈവത്തിന് അർപ്പിക്കാവൂ—വെളി. 5:8; 8:3-4.

| | |
|---|---|
| വെളി. 5:8 | അവൻ ചുരുൾ എടുത്തപ്പോൾ, നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും, ഓരോരുത്തൻ കിന്നരവും ധൂപവർഗം നിറഞ്ഞ പൊൻകലശങ്ങളും പിടിച്ചുകൊണ്ട് കുഞ്ഞാടിനു മുമ്പാകെ വീണു, കലശങ്ങൾ വിശുദ്ധന്മാരുടെ പ്രാർഥനകൾ ആകുന്നു. |
| വെളി. 8:3 | മറ്റൊരു ദൂതൻ സ്വർണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികിൽ നിന്നു; സിംഹാസനത്തിനു മുമ്പാകെയുള്ള സ്വർണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർഥനകളോടുകൂടെ അർപ്പിക്കേണ്ടതിന് വളരെ ധൂപവർഗവും അവനു കൊടുത്തു. |
| വെളി. 8:4 | ധൂപവർഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർഥനകളോടുകൂടെ ദൂതന്റെ കൈയിൽനിന്ന് ദൈവമുമ്പാകെ കയറിപ്പോയി. |

D. ബൈബിളിൽ ഏറ്റവും ഉന്നതവും ആത്മികവുമായ ഒരു പ്രാർഥന അടങ്ങുന്നു—അധികാരത്തിന്റെ പ്രാർഥന—മത്താ. 18:18-19; മർക്കൊ. 11:23-24; എഫെ. 1:20-22; 2:6; 6:12-13, 18-19:

| | |
|---|---|
| മത്താ. 18:18 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും. |
| മത്താ. 18:19 | വീണ്ടും, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ ചോദിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും സ്വരച്ചേർച്ചയിലാണെങ്കിൽ, |

| | |
|---|---|
| | സ്വർഗസ്ഥനായ എന്റെ പിതാവിൽനിന്ന് അത് അവർക്കു ചെയ്തിരിക്കും. |
| മർക്കൊ. 11:23 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും. |
| മർക്കൊ. 11:24 | ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പ്രാർഥിക്കുകയും ചോദിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുവിൻ, നിങ്ങൾക്ക് അവ ലഭിക്കും. |
| എഫെ. 1:20 | അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്, |
| എഫെ. 1:21 | സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും; |
| എഫെ. 1:22 | സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി, |
| എഫെ. 2:6 | അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു, |
| എഫെ. 6:12 | എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു. |
| എഫെ. 6:13 | അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ. |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |
| എഫെ. 6:19 | എനിക്കും വേണ്ടി, സുവിശേഷത്തിന്റെ മർമം ധൈര്യത്തോടെ അറിയിക്കുവാൻ എന്റെ വായ് തുറക്കുമ്പോൾ, എനിക്ക് ഉച്ചാരണം ലഭിക്കേണ്ടതിന് അപേക്ഷിക്കുവിൻ, |

1. നാം ഒരു പ്രാർഥനാ മനുഷ്യനാകുവാൻ ആഗ്രഹിക്കുന്നവെങ്കിൽ, അധികാരത്തോടുകൂടെ പ്രാർഥിക്കുവാൻ പഠിക്കണം; ഇത്തരം പ്രാർഥനയാണ് മത്തായി 18:18-ൽ കർത്താവ് വിവരിച്ചിരിക്കുന്നത്.

| | |
|---|---|
| മത്താ. 18:18 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ |

അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

2. മത്തായി 18:18-ൽ ബന്ധിക്കുന്ന പ്രാർഥനയെന്നും അഴിക്കുന്ന പ്രാർഥനയെന്നും വിളിക്കപ്പെടുന്ന ഒരു പ്രാർഥനയുണ്ട്; ബന്ധിക്കുകയും അഴിക്കുകയും ചെയ്യുക—ഇത് അധികാരത്തോടുകൂടെ പ്രാർഥിക്കുന്നതാണ്.

മത്താ. 18:18 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെന്തും സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തും സ്വർഗത്തിലും അഴിക്കപ്പെട്ടതായിരിക്കും.

E. അധികാരത്തോടുകൂടെ പ്രാർഥിക്കുകയെന്നാൽ മർക്കൊസ് 11:23-24-ലെ പ്രാർഥന പ്രാർഥിക്കുക എന്നാണ്:

മർക്കൊ. 11:23 സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും.

മർക്കൊ. 11:24 ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പ്രാർഥിക്കുകയും ചോദിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുവിൻ, നിങ്ങൾക്ക് അവ ലഭിക്കും.

1. വിശ്വാസം എന്നാൽ നാം ചോദിച്ചത് നമുക്ക് ലഭിച്ചു എന്ന് വിശ്വസിക്കുന്നതാണ്—വാ. 24:

മർക്കൊ. 11:24 ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പ്രാർഥിക്കുകയും ചോദിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുവിൻ, നിങ്ങൾക്ക് അവ ലഭിക്കും.

a. കർത്താവിന്റെ വാക്കനുസരിച്ച്, നമുക്ക് ലഭിക്കുമെന്നല്ല, മറിച്ച് നമുക്ക് ലഭിച്ചിരിക്കുന്നു എന്ന് നാം വിശ്വസിക്കണം.

b. പ്രത്യാശിക്കുകയെന്നാൽ ഭാവിയിൽ ചിലത് പ്രതീക്ഷിക്കുന്നതാണ്; വിശ്വസിക്കുകയെന്നാൽ ചിലത് ചെയ്തുകഴിഞ്ഞിരിക്കുന്നുവെന്ന് കണക്കാക്കുന്നതാണ്.

c. വിശ്വാസം എന്നത് ദൈവത്തിന് ഒരു കാര്യം ചെയ്യുവാൻ കഴിയുമെന്നോ ഒരു കാര്യം ചെയ്യുമെന്നോ വിശ്വസിക്കുന്നതു മാത്രമല്ല, മറിച്ച് ദൈവം ആ കാര്യം ചെയ്തുകഴിഞ്ഞിരിക്കുന്നു എന്ന് വിശ്വസിക്കുന്നതുംകൂടിയാണ്.

2. മർക്കൊസ് 11:20-24-ലെ പ്രാർഥന അധികാരത്തോടുകൂടിയ പ്രാർഥനയാണ്—വാ. 23:

മർക്കൊ. 11:20 രാവിലെ അവർ അതിലെ കടന്നുപോകുമ്പോൾ, അത്തിവൃക്ഷം വേരുകൾ മുതൽ ഉണങ്ങിയിരിക്കുന്നത് അവർ കണ്ടു.

മർക്കൊ. 11:21 പത്രൊസ് ഓർത്ത് അവനോട്, റബ്ബീ, ഇതാ നീ ശപിച്ച

അത്തിവൃക്ഷം ഉണങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.

| | |
|---|---|
| മർക്കൊ. 11:22 | യേശു അവർക്ക് ഉത്തരം നൽകി, ദൈവത്തിൽ വിശ്വാസം ഉള്ളവരാകുവിൻ. |
| മർക്കൊ. 11:23 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും. |
| മർക്കൊ. 11:24 | ഇക്കാരണത്താൽ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പ്രാർഥിക്കുകയും ചോദിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുവിൻ, നിങ്ങൾക്ക് അവ ലഭിക്കും. |

a. അധികാരത്തോടുകൂടിയ പ്രാർഥന ദൈവം ചിലത് ചെയ്യുവാൻ ആവശ്യപ്പെടുന്നില്ല; പകരം, അത് ദൈവത്തിന്റെ അധികാരം വ്യായാമം ചെയ്യുകയും പ്രശ്നങ്ങളോടും നീക്കം ചെയ്യപ്പെടേണ്ട കാര്യങ്ങളോടും ഇടപെടുവാൻ ഈ അധികാരത്തെ പ്രയോഗിക്കുകയും ചെയ്യുന്നു—സെഖ. 4:7; മത്താ. 21:21.

| | |
|---|---|
| സെഖ. 4:7 | സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും. |
| മത്താ. 21:21 | യേശു അവരോട് ഉത്തരം പറഞ്ഞു, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾക്കു വിശ്വാസം ഉണ്ടായിട്ട്, സംശയിക്കാതെയിരുന്നാൽ, അത്തിവൃക്ഷത്തോടു ചെയ്തതു നിങ്ങൾ ചെയ്യുമെന്നു മാത്രമല്ല, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു നിങ്ങൾ പറഞ്ഞാൽപോലും, അതു സംഭവിക്കും. |

b. ദൈവം കല്പിച്ച കാര്യങ്ങൾ കല്പിക്കുവാനും അവൻ ആജ്ഞാപിച്ച കാര്യങ്ങൾ ആജ്ഞാപിക്കുവാനും അവൻ നമ്മെ നിയോഗിച്ചിരിക്കുന്നു—17:20.

| | |
|---|---|
| മത്താ. 17:20 | അവൻ അവരോട്, നിങ്ങളുടെ അൽപവിശ്വാസം കാരണം; സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾക്ക് ഒരു കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ, നിങ്ങൾ ഈ മലയോട്, ഇവിടെനിന്ന് അവിടേക്കു നീങ്ങുക എന്നു പറയും, അത് നീങ്ങും; നിങ്ങൾക്ക് ഒന്നും അസാധ്യമായിരിക്കുകയില്ല. |

c. പൂർണ്ണ വിശ്വാസം ഉണ്ടായിരിക്കുകയും, സംശയം ഇല്ലാതിരിക്കുകയും, നാം ചെയ്യുന്നത് പൂർണ്ണമായും ദൈവഹിതപ്രകാരമാണെന്ന് വ്യക്തതയുണ്ടായിരിക്കുകയും ചെയ്യുന്നതിലൂടെ സഭയ്ക്ക് അധികാരത്തോടുകൂടിയ ഇങ്ങനെയുള്ള ഒരു പ്രാർഥന ഉണ്ടായിരിക്കുവാൻ കഴിയും—6:10; 18:19-20.

| | |
|---|---|
| മത്താ. 6:10 | നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ. |
| മത്താ. 18:19 | വീണ്ടും, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ ചോദിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും സ്വരച്ചേർച്ചയിലാണെങ്കിൽ, സ്വർഗസ്ഥനായ എന്റെ പിതാവിൽനിന്ന് അത് അവർക്കു ചെയ്തിരിക്കും. |
| മത്താ. 18:20 | രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മദ്ധ്യേ ഉണ്ട്. |

d. അധികാരത്തോടുകൂടിയ പ്രാർഥനയ്ക്ക് ജയാളികളുമായി വളരെയധികം ബന്ധമുണ്ട്; ഓരോ ജയാളിയും "ഈ മലയോട്" സംസാരിക്കുവാൻ പഠിക്കണം—മർക്കൊ. 11:23.

| | |
|---|---|
| മർക്കൊ. 11:23 | സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ മലയോട്, എടുക്കപ്പെട്ടു കടലിലേക്ക് എറിയപ്പെടുക എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കുന്നുവെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും അതു ലഭിക്കും. |

## II. "വചനശുശ്രൂഷയിൽ ദൃഢചിത്തരായി..."—പ്രവൃ. 6:4:

A. അപ്പൊസ്തലന്മാർ അനുഷ്ഠിച്ചിരുന്നതുപോലെ, പ്രാർഥന വചനശുശ്രൂഷയ്ക്ക് മുമ്പായിരിക്കണം—വാ. 4.

| | |
|---|---|
| പ്രവൃ. 6:4 | എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും. |

B. വചനശുശ്രൂഷയുടെ ഒരു ഉദാഹരണം എഫെസ്യർ 3:17 ആണ്: "ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും":

1. ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വ്യാപിക്കുമ്പോൾ, അവൻ നമ്മുടെ വ്യക്തിയായിത്തീരുന്നു—വാ. 17:

| | |
|---|---|
| എഫെ. 3:17a | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, ... |

a. ക്രിസ്തുവിനെ നമ്മുടെ ആത്മാവിൽ ജീവനായി മാത്രമല്ല, നമ്മുടെ ഹൃദയങ്ങളിൽ വ്യക്തിയായും നാം എടുക്കണം.

b. ക്രിസ്തു നമ്മുടെ വ്യക്തിയാകാനുള്ള ഏക മാർഗം അവൻ നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുക എന്നതാണ്.

c. നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തുവിനെ നമ്മുടെ വ്യക്തിയായി നാം എടുക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന വ്യക്തി സ്വയമായിരിക്കയില്ല, മറിച്ച് ക്രിസ്തുവായിരിക്കും—ഗലാ. 2:20.

| | |
|---|---|
| ഗലാ. 2:20 | ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ |

ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

2. നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുന്ന ക്രിസ്തു പരിധിയില്ലാത്ത, അളവറ്റ ക്രിസ്തു ആണ്—എഫെ. 3:18:

എഫെ. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

a. ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുമ്പോൾ, എല്ലാ വിശുദ്ധന്മാരോടുംകൂടെ നാം വീതിയും, നീളവും, ഉയരവും, ആഴവും ഗ്രസിക്കുന്നു; ഇവ പ്രപഞ്ചത്തിന്റെ അളവുകളാണ്, അളവറ്റ ക്രിസ്തുവിന്റെ അളവുകളാണ്.

b. ക്രിസ്തു അളക്കാനാവാത്തവനാണെങ്കിലും, അവൻ നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിതുകൊണ്ടിരിക്കുന്നു.

c. ക്രിസ്തു സാർവത്രിക സമചതുരക്കട്ടയാണ്; ശരീരത്തിൽ നമ്മുടെ ക്രിസ്ത്വാനുഭവം "സമചതുരക്കട്ടാകൃതിയിൽ," ത്രിമാനം ആയിരിക്കണം.

3. ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുമ്പോൾ, നാം ദൈവത്തിന്റെ എല്ലാ നിറവിനോളം നിറയും—വാ. 19:

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

a. ദൈവത്തിന്റെ നിറവെന്നത് ത്രിയേക ദൈവത്തിന്റെ ആവിഷ്കാരമായ ക്രിസ്തുവിന്റെ ശരീരം, ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിന്റെ ആത്യന്തിക പരിണതി, ആണ്.

b. ക്രിസ്തുവിന്റെ ശരീരം പരിധിയില്ലാത്ത ക്രിസ്തുവിന്റെ പരിധിയില്ലാത്ത ആവിഷ്കാരമാണ്.

c. നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാൻ നാം ക്രിസ്തുവിനെ അനുവദിക്കുന്നുവെങ്കിൽ, നാം അവന്റെ പൂർണ ആവിഷ്കാരമായിത്തീരുന്ന അളവോളം നാം ത്രിയേക ദൈവത്താൽ നിറയും.

4. പരിധിയില്ലാത്തവനും അളവറ്റവനുമായ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വ്യക്തിപരമായി തന്റെ ഭവനം പണിയുന്നതിന്റെ ഫലമാണ് യഥാർഥ സഭാജീവിതം—വാ. 17; 4:16:

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും...

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്,

സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

a. സഭയുടെ ഉള്ളടക്കം നമ്മുടെ വ്യക്തിയായി നാം എടുക്കുന്ന ക്രിസ്തു, നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെടുന്ന ക്രിസ്തു, ആണ്.

b. നമുക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യം ഉണ്ടായിരിക്കണമെങ്കിൽ, നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാൻ നാം ക്രിസ്തുവിനെ അനുവദിക്കണം.

c. സഭയുടെ കെട്ടുപണിയെ സംബന്ധിച്ച മത്തായി 16:18-ലെ ക്രിസ്തുവിന്റെ വചനം നിറവേറണമെങ്കിൽ, അവരുടെ മുഴുവൻ ആളത്തത്തെയും സ്വന്തമാക്കിയും, കൈവശമാക്കിയും, സാന്ദ്രീകരിച്ചുംകൊണ്ട് തങ്ങളുടെ ഹൃദയങ്ങളിൽ അവന്റെ ഭവനം പണിയുവാൻ വിശുദ്ധന്മാർ ക്രിസ്തുവിനെ അനുവദിക്കുന്ന ഒരു സ്ഥിതിയിലേക്ക് സഭ പ്രവേശിക്കണം.

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |

d. ക്രിസ്തു എത്രയധികം നമ്മുടെ ആന്തരിക ആളത്തത്തെ കൈവശമാക്കുന്നുവോ അത്രയധികം ശരീരത്തിൽ മറ്റുള്ളവരുമായി പണിയപ്പെടുവാൻ നമുക്കു കഴിയും—എഫെ. 2:21-22; 4:16.

| | |
|---|---|
| എഫെ. 2:21 | അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു; |
| എഫെ. 2:22 | അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു. |
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

**ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വാസസ്ഥലം ഒരുക്കുന്നു**

എഫെസ്യർ 3:17-ന്റെ ആദ്യ ഭാഗം പറയുന്നു: "ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും." നമ്മുടെ ഹൃദയം നമ്മുടെ ആത്മാവിന്റെ എല്ലാ ഭാഗങ്ങളും—മനസ്സും, വികാരവും, ഇച്ഛയും—നമ്മുടെ ആത്മാവിന്റെ പ്രധാന ഭാഗമായ നമ്മുടെ മനസ്സാക്ഷിയും ചേർന്നതാണ്. ഈ ഭാഗങ്ങൾ നമ്മുടെ ആളത്തത്തിന്റെ ആന്തരിക ഭാഗങ്ങളാണ്.

വീണ്ടുംജനനത്തിലൂടെ ക്രിസ്തു നമ്മുടെ ആത്മാവിലേക്ക് വന്നു (2 തിമൊ. 4:22). ഇതിനുശേഷം, നമ്മുടെ ഹൃദയത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും തന്നെത്തന്നെ വ്യാപിപ്പിക്കുവാൻ നാം അവനെ അനുവദിക്കണം. നമ്മുടെ ഹൃദയം നമ്മുടെ എല്ലാ ആന്തരിക ഭാഗങ്ങളുടെ ആകത്തുകയും നമ്മുടെ ആന്തരിക ആളത്തത്തിന്റെ കേന്ദ്രവുമാണ്; അതിനാൽ, ക്രിസ്തു നമ്മുടെ ഹൃദയത്തിൽ തന്റെ ഭവനം പണിയുമ്പോൾ, അവൻ നമ്മുടെ മുഴുവൻ ആന്തരിക ആളത്തത്തെയും നിയന്ത്രിക്കുകയും എല്ലാ ആന്തരിക ഭാഗങ്ങളെയും തന്നെക്കൊണ്ടുതന്നെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

വിശ്വാസത്താൽ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുന്നുവെന്ന് എഫെസ്യർ 3:17-ൽ പൗലൊസ് പറയുന്നു. കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടലാണ് വിശ്വാസം (എബ്രാ. 11:1). ക്രിസ്തുവിന്റെ ഉൾവാസം മാർമികവും അമൂർത്തവുമാണ്. നമ്മുടെ ശാരീരിക ഇന്ദ്രിയങ്ങൾ കൊണ്ടല്ല, വിശ്വാസമെന്ന ഇന്ദ്രിയത്താലാണ് നാം അത് മനസ്സിലാക്കുന്നത്.

എഫെസ്യലേഖനത്തിലെ ആദ്യത്തെ മൂന്ന് അധ്യായങ്ങൾ സഭയെ സംബന്ധിച്ചും, അവസാനത്തെ മൂന്ന് അധ്യായങ്ങൾ ദൈവത്തിന്റെ വിളിക്ക് യോഗ്യമായ ഒരു നടപ്പ് സഭയിൽ ഉണ്ടായിരിക്കുന്നതിനെക്കുറിച്ചുമാണ്. എങ്കിലും, വാസ്തവത്തിൽ, ആദ്യത്തെ രണ്ട് അധ്യായങ്ങൾ മാത്രമാണ് സഭയെക്കുറിച്ചുള്ളത്, കാരണം അധ്യായം 3 ദൈവത്തിന്റെ വിളിക്ക് യോഗ്യമായ ഒരു നടപ്പിനെക്കുറിച്ചുള്ള പൗലൊസിന്റെ പ്രബോധനത്തിന്റെ ആരംഭം അടയാളപ്പെടുത്തുന്നു. എഫെസ്യർ 3-ൽ, സഭയെക്കുറിച്ചുള്ള ദൈവത്തിന്റെ നിത്യോദ്ദേശ്യം നടപ്പിലാക്കുവാൻ കഴിയുന്ന ഒരുവന്റെ മാതൃകയായി പൗലൊസ് അവനെത്തന്നെ അവതരിപ്പിക്കുന്നു. അധ്യായം 3 ഇല്ലാതെ നമുക്ക് 1-ഉം 2-ഉം അധ്യായങ്ങൾ മാത്രം ഉണ്ടായിരുന്നെങ്കിൽ, സഭയെക്കുറിച്ചുള്ള ഉപദേശവും ദർശനവും നമുക്ക് ഉണ്ടാകുമായിരുന്നെങ്കിലും, ദർശനം നിറവേറ്റാനുള്ള മാർഗം നമുക്കുണ്ടാകുമായിരുന്നില്ല. അധ്യായം 3-ൽ, സഭ എങ്ങനെ രൂപീകരിക്കപ്പെടുകയും പ്രായോഗികമായി സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്യുന്നുവെന്ന് നാം കാണുന്നു. ഈ അധ്യായം സഭയെക്കുറിച്ചുള്ള വെളിപാടിനെ സംബന്ധിച്ചുള്ളതോ, കൃത്യമായി പറഞ്ഞാൽ സഭയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ വിളിക്ക് യോഗ്യമായ നടപ്പിനെ സംബന്ധിച്ചുള്ളതോ അല്ല; മറിച്ച്, സഭ സംരചിക്കപ്പെടുന്നതിന്റെ പ്രായോഗിക അനുഭവത്തെ സംബന്ധിച്ചതാണ്.

അപ്പൊസ്തലനായ പൗലൊസിന്റെ മാതൃകയിലുള്ളവരാൽ സംരചിക്കപ്പെടുന്നതാണ് സഭാജീവിതം. നമ്മുടെ ആത്മാവിൽ വെളിപാട് സ്വീകരിക്കുന്നതിലും നമ്മുടെ ആന്തരിക മനുഷ്യനിൽ ശക്തിപ്പെടുത്തപ്പെടുന്നതിലും നാമെല്ലാവരും പൗലൊസിനെ പിന്തുടരേണ്ടതുണ്ട്. പൗലൊസ് പിതാവിന്റെ മുമ്പിൽ മുട്ടുകുത്തിയപ്പോൾ, അവൻ തന്റെ അകത്തെ മനുഷ്യനിൽ വളരെ ശക്തനായിരുന്നു, യാതൊന്നിനും അവനെ കുലുക്കുവാനോ അവനെ അസ്വസ്ഥനാക്കുവാനോ കഴിഞ്ഞില്ല. അവന്റെ മുഴുവൻ ആളത്തവും അവന്റെ ആത്മാവിലായിരുന്നതുകൊണ്ട്, ബാഹ്യമായ യാതൊന്നിനും അവനെ വിഷമിപ്പിക്കുവാൻ കഴിഞ്ഞില്ല. നമ്മുടെ അകത്തെ മനുഷ്യനിൽനിന്ന് നമ്മെ വലിച്ചുകൊണ്ടുപോകുവാൻ യാതൊന്നിനും കഴിയാത്ത വിധം നാമും ശക്തരായിരിക്കേണ്ടതുണ്ട്. കൂടാതെ, നാം ക്രിസ്തുവിനാൽ പൂർണ്ണമായും

കൈവശപ്പെടുത്തപ്പെടുകയും സ്വന്തമാക്കപ്പെടുകയും ചെയ്യത്തക്കവണ്ണം ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയേണ്ടതാവശ്യമാണ്.

നമ്മുടെ അകത്തെ മനുഷ്യനിലേക്ക് നാം ശക്തരാക്കപ്പെടുകയും ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുകയും ചെയ്യുമ്പോൾ, വെളിപാട് കാണുവാൻ നാം പ്രാപ്തരാണ്. മുൻനിര അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും നൽകപ്പെട്ട അതേ വെളിപാട് നാം സ്വീകരിക്കേണ്ടതുണ്ട്. ഈ വെളിപാട് നമുക്കുവേണ്ടി പൗലൊസിന് സ്വീകരിക്കുവാൻ കഴിയുമായിരുന്നില്ല; നമ്മുടെ അകത്തെ മനുഷ്യനിലേക്ക് ബലപ്പെടുന്നതിലൂടെ നാംതന്നെ അത് വ്യക്തിപരമായും വ്യക്തിനിഷ്ഠമായും പ്രാപിക്കണം. ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ച ഈ വെളിപാട് ദൈവത്തിന്റെ വ്യവസ്ഥ, മറഞ്ഞിരിക്കുന്ന മർമം, ആണ്. നാം ഇന്നത്തെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ആണോ അല്ലയോ എന്നത് നാം വെളിപാട് കണ്ടിട്ടുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നമുക്ക് വെളിപാട് ഇല്ലെങ്കിൽ, നമുക്ക് അപ്പൊസ്തലന്മാരും പ്രവാചകന്മാരുമായിരിക്കുവാൻ കഴിയുകയില്ല. ഈ വെളിപാടില്ലാതെ ഞാൻ ഈ രാജ്യത്തിലേക്ക് വന്നിരുന്നെങ്കിൽ, എന്റെ എല്ലാ സംസാരവും വ്യർഥമാകുമായിരുന്നു. എന്നാൽ ഞാൻ ഒരു വെളിപാടോടുകൂടെ വരുകയും, ഈ വെളിപാടനുസരിച്ച് ഞാൻ സംസാരിക്കുകയും ചെയ്തു. ഇത് എന്നെ ദൈവത്തിന്റെ പുതിയനിയമ ശുശ്രൂഷയിൽ അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും ഒരു അനുയായിയാക്കി മാറ്റി. ഇന്ന് യുവാക്കൾ ഉൾപ്പെടെ എല്ലാ വിശുദ്ധന്മാർക്കും ഇങ്ങനെയുള്ള അനുയായികളായിരിക്കുവാൻ കഴിയും.

നാം രക്ഷിക്കപ്പെട്ടപ്പോൾ, ക്രിസ്തു നമ്മുടെ ആത്മാവിലേക്ക് വന്നു. ഇപ്പോൾ നമ്മുടെ ആന്തരിക ആളത്തത്തിന്റെ എല്ലാ ഭാഗങ്ങളിലും അവനെത്തന്നെ വ്യാപിപ്പിക്കുവാൻ നാം അവന് അവസരം നൽകണം. നാം അകത്തെ മനുഷ്യനിലേക്ക് ബലപ്പെടുമ്പോൾ, നമ്മിൽ വ്യാപിക്കുന്നതിന്, നമ്മുടെ ആത്മാവിൽനിന്ന് നമ്മുടെ മനസ്സ്, വികാരം, ഇച്ഛ എന്നീ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിക്കുന്നതിന്, ക്രിസ്തുവിന് വാതിൽ തുറക്കപ്പെടുന്നു. ക്രിസ്തു നമ്മിൽ എത്രത്തോളം വ്യാപിക്കുന്നുവോ അത്രത്തോളം അവൻ നമ്മിൽ സ്ഥിരതാമസമാക്കുകയും നമ്മിൽ അവന്റെ ഭവനം പണിയുകയും ചെയ്യുന്നു. ഇതർഥമാക്കുന്നത് അവൻ നമ്മുടെ ആന്തരിക ആളത്തത്തിന്റെ ഓരോ ഭാഗത്തെയും കൈവശപ്പെടുത്തുകയും, ഈ ഭാഗങ്ങളെയെല്ലാം സ്വന്തമാക്കുകയും, അവയെ അവനെക്കൊണ്ടുതന്നെ സാന്ദ്രീകരിക്കുകയും ചെയ്യുന്നു എന്നാണ്. തൽഫലമായി, നാം വെളിപാട് സ്വീകരിക്കുന്നുവെന്നു മാത്രമല്ല, നാം ക്രിസ്തുവിനാൽ നിറയുകയും ചെയ്യുന്നു. അപ്പോൾ നാം എവിടെ പോയാലും, നാം അപ്പൊസ്തലന്മാരും, അയയ്ക്കപ്പെട്ടവരും, ക്രിസ്തുവിനുവേണ്ടി സംസാരിക്കുന്ന പ്രവാചകന്മാരും ആയിരിക്കും. (എഫെസ്യ ലേഖനത്തിന്റെ ജീവപഠനം, പേജ് 268-270)